# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1206 30.01.2018 ൽ മറുപടിക്ക്**

## പൊതുമരാമത്ത് നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് മുന്നോടിയായുള്ള മണ്ണ് പരിശോധന

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് മുന്നോടിയായുള്ള മണ്ണ് പരിശോധന നടത്തുന്നതിന് വകുപ്പിന് സ്വന്തമായി സംവിധാനം ഇല്ലാത്ത സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ; | എ) ബി) & സി) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് മുന്നോടിയായുള്ള മണ്ണ് പരിശോധന നടത്തുന്നതിന് വകുപ്പിന് സ്വന്തമായി സംവിധാനം ഉണ്ട്. പൊതുമരാമത്ത് വകുപ്പിലെ പരിശോധന സംവിധാനം ആവശ്യത്തിന് തികയുന്നില്ല. വിവിധ പ്രവർത്തികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ നിർവ്വഹിക്കുന്നതിന് വകുപ്പിൽ തന്നെ ഒരു വിഭാഗം ഡിസൈൻ ചീഫ് എഞ്ചിനീയറുടെ കീഴിൽ രൂപീകരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ റീജിയനുകളിലായി റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലാബുകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇങ്ങനെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾക്ക് സ്വകാര്യ ഏജൻസികളെ ആശ്രയിക്കേണ്ട സാഹചര്യം കുറയ്ക്കുവാൻ സാധിക്കും.<br>നിലവിൽ മണ്ണ് പരിശോധന നടത്തുന്നതിനായി സ്വകാര്യ ഏജൻസികളെ കണ്ടെത്തുവാനായി ഓപ്പൺ ടെണ്ടർ ക്ഷണിക്കാറുണ്ട്. ആയതിന് പൊതുമരാമത്ത് വകുപ്പ് പിന്തുടരുന്ന നടപടിക്രമം അനുസരിച്ച് ഒരു നിശ്ചിത സമയം ആവശ്യമാണ്. എന്നാലും ഏജൻസി വഴി മണ്ണ് പരിശോധന നടത്തുമ്പോൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ശ്രമിക്കാറുണ്ട്. കാലതാമസം വരുത്തുകയാണെങ്കിൽ സ്ഥാപനത്തിനുമേൽ പെനാൽറ്റി ഈടാക്കുവാനുള്ള നിബന്ധന ടെണ്ടറിൽ ഉണ്ട്. വകുപ്പിൽ 500 അസിസ്റ്റന്റ് എഞ്ചിനീയർമാരും 500 ഓവർസിയർമാരും കുറവാണ്. ഈ കുറവ് വകുപ്പ് ഏറ്റെടുത്ത പ്രവൃത്തികളെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ പരമാവധി ശ്രദ്ധിച്ച് വീഴ്ചകൾ ഉണ്ടാകാതെ നോക്കുന്നുണ്ട്. |
| ബി) | ഇതിനായി സ്വകാര്യ ഏജൻസികളെ ആശ്രയിക്കേണ്ടിവരുന്നത് പദ്ധതികളുടെ കാലതാമസത്തിന് ഇടയാക്കുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കുമോ; | |
| സി) | പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് സ്വകാര്യ ഏജൻസികളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം കുറയ്ക്കുന്നതിനും വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം മാറ്റങ്ങളാണ് നിലവിലെ സർക്കാർ നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കുമോ? | |

സെക്ഷൻ ഓഫീസർ